പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1377 30.09.2011 – ൽ മറുപടിയ്ക്ക്

## പമ്പിങ്ങ് സബ്സിഡി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) മുൻവർഷം കൃഷിയിറക്കാത്ത പാടശേഖരത്തിന് തന്നാണ്ട് കൃഷിക്ക് പമ്പിങ്ങ് സബ്സിഡി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ: | (എ) | 1986-ലെ കേരളത്തിലെ പുഞ്ച പാടശേഖരങ്ങളിലെ കൃഷി ധനസഹായ ചട്ടങ്ങൾ ഖണ്ഡിക 28(2) പ്രകാരം ഒരു വർഷം പുഞ്ച കൃഷി, തക്കതായ കാരണമില്ലാതെ ചെയ്യാതിരുന്നതിനാൽ അടുത്തു നടത്തുന്ന പുഞ്ച കൃഷിക്ക് സബ്സിഡി അനുവദിക്കുന്നതല്ല. അപേക്ഷ ഏതെന്നു വ്യക്തമല്ലാത്തതിനാൽ നടപടികൾ വിശദമാക്കാൻ കഴിയുന്നില്ല. |
| (ബി) മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളുടെ മട കുത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) | മടവീഴ്ച സംഭവിച്ച പാടശേഖരങ്ങളുടെ മട കുത്തുന്നതിന് സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് ഏതെതു പാടശേഖരങ്ങളുടേ താണെന്ന് വ്യക്തമാകാത്തതിനാൽ വിവരം നല്കാൻ കഴിയുന്നില്ല. |
| (സി) കൃഷി വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ ഏതു റിപ്പോർട്ടാണെന്ന് ചോദ്യത്തിൽ നിന്നും അറിയാൻ കഴിയാത്തതിനാൽ വിവരം നൽകാൻ കഴിയുന്നില്ല. |

സെക്ഷൻ ഓഫീസർ